# അദ്ധ്യായം 13

# അതിശ്രേഷ്ഠ മാർഗം

"അതിശ്രേഷ്ടമായ മാർഗം" കാണിച്ചു തരാം എന്നു 12:31 ൽപറഞ്ഞ് പൗലൊസ്, ബൈബിളിലെ ഏറ്റവും ഉയർന്ന ഭാഗമാണ് തുടങ്ങുന്നത്. ഇതുവരെയും അവൻ ചർച്ച ചെയ്തിരുന്നത് വിവിധ തരം ആത്മിയ വരങ്ങളെ കുറിച്ചാണ്. ആത്മിയ വരങ്ങൾ ലഭിച്ചവരുടെ ലോക ചിന്തയാകുന്ന മൽസരത്താൽ സഭയിൽ കുഴപ്പങ്ങൾ ആരംഭിച്ചു.ആത്മിയ വരങ്ങൾ സഭയുടെ ഐക്യത്തിനായി ഉപയോഗിക്കണമെന്ന് അപ്പൊസ്തലൻ ഊന്നി പറഞ്ഞു. ആ സമയത്ത് അവൻ കൊരിന്ത്യർക്ക് ആത്മാവിനാൽ നൽകിയ അത്ഭുതവരങ്ങളെയും, പ്രത്യേക ശക്തി ആവശ്യമില്ലാത്ത സ്നേഹത്തെ കുറിച്ചും പൗലൊസ് ചർച്ച ചെയ്തിരുന്നു. ഒരു നിമിഷം കൊണ്ട് വരികയും പോകുകയും ചെയ്യുന്ന വൈകാരിക സ്നേഹത്തെ കുറിച്ചായിരുന്നില്ല അപ്പൊസ്തലൻ പറഞ്ഞത്. മറിച്ച് അത് തീരുമാനത്തോടുകൂടെ ആരംഭിച്ച് പ്രവൃത്തിയിൽ അവസാനിപ്പിക്കുന്നതാണ്.

സ്നേഹത്തെ കുറിച്ച് ബൈബിളിലുള്ള ഏറ്റവും വലിയ പ്രസ്താവന ക്രിസ്തീയ ജീവിതത്തിൽ അതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. സഭയുടെ ഐക്യതയും വൈവിധ്യതയും നിലനിർത്തുവാൻ സഹായകരമായി ആത്മിയ വരങ്ങളേക്കാൾ ഒട്ടും കുറഞ്ഞതല്ല സ്നേഹം, എന്നാൽ കൂടിയതുമാണ്. ആത്മിയ വരങ്ങളുള്ള ക്രിസ്ത്യാനികൾ ഉയർന്നവരായി അവകാശപ്പെട്ടു എങ്കിൽ, സ്നേഹവും സമാധാനവും സഭയിൽ വളരെ സ്വാധീനം ചെലുത്തുവാൻ കഴിയും. സഭയിലെ അംഗങ്ങൾ അന്യോന്യം സ്നേഹത്തിൽ പിന്തുണച്ച് ആത്മിയ വരങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ, വിശ്വാസികളിൽ മറ്റൊന്നും അത്രത്തോളം ഫലവത്തായതില്ല എന്നു പറയാം.

ഉയർന്ന സ്നേഹത്തെ കുറിച്ചുള്ള പൗലൊസിന്റെ സാക്ഷ്യം തിരുവെഴുത്തിൽ ഉടനീളം കാണാം. മോശെയുടെ ന്യായപ്രമാണകൽപനകളിൽ ഏറ്റവും മുഖ്യമായ കൽപന ഏതെന്ന ചോദ്യത്തിന് യേശു ഉടനെ ഉത്തരം പറഞ്ഞു, മോശെയുടെ ന്യായപ്രമാണത്തിൽ ആകെ 613 കൽപനകളാണുള്ളതെന്ന് മായിമോണിഡെസ് (1135-1204) പറയുന്നു[1]; അത്, ചുരുക്കി യേശു രണ്ടായി പ്രസ്താവിച്ചു:

> എല്ലാറ്റിലും മുഖ്യകൽപനയോ, "യിസ്രായേലേ കേൾക്ക, നമ്മുടെ ദൈവമായ കർത്താവ് ഏകകർത്താവ്, നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കേണം" എന്നാകുന്നു. "രണ്ടാമത്തേതോ, കൂട്ടുകാരനെ നിന്നേപോലെ സ്നേഹിക്കേണം എന്നത്രെ" (മർ. 12:29-31).

കുഞ്ഞാടിന്റെ രക്തത്താൽ വിലെക്ക് വാങ്ങിയിരിക്കയാൽ നാം, ദൈവത്തിൽനിന്നുള്ള കൃപയും, പാപത്തിൽനിന്നുള്ള രക്ഷയും എല്ലാവരോടും അറിയിക്കുവാൻ പ്രേരിപ്പിക്കുന്ന ശക്തിയാണ് സ്നേഹം. പൗലൊസ് കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ പറഞ്ഞു, "ക്രിസ്തുവിന്റെ സനേഹം ഞങ്ങളെ നിർബന്ധിക്കുന്നു." പിന്നീട് പൗലൊസ് എഴുതി. "എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കയാൽ, എല്ലാവരും മരിച്ചു" (2 കൊ. 5:14; എൻആർഎസ്വി).

യേശുക്രിസ്തുവിനെ ഏറ്റു പറയുന്നവരുടെ ആത്മിയ ജീവിതത്തിന് അടിത്തറ പാകുന്ന വാക്കുകളാണ് "സ്നേഹം", "വിശ്വാസം," "കൃപ" എന്നീ വാക്കുകൾ. രാഷ്ട്രീയ പ്രതലത്തിലാണെങ്കിൽ, "ദേശഭക്തി," "സ്വാതന്ത്ര്യം," "കുടുംബം" എന്നിവയാണ് അടിസ്ഥാനമായുള്ളവ. അവരുടെ പ്രശ്നം എന്തെന്നാൽ അവയുടെ അർത്ഥം മാറിക്കൊണ്ടിരിക്കും എന്നതാണ്. ഒരു വാക്കിന് മാത്രം അധികം ഊന്നൽ കൊടുത്താൽ അത് അവസാനം ഒന്നുമല്ലാതാകും.

ദീർഘ കാലമായി കർത്താവിന്റെ സഭ "വിശ്വാസം," "സ്നേഹം," "കൃപ" എന്നീ വാക്കുകൾ ഉപയോഗിച്ച് വരുന്നു. ഒരു വാക്കിനെ നിർവ്വചിച്ചാൽ, അതിന്റെ എല്ലാ വശങ്ങളും മനസിലാക്കുവാൻ പ്രയാസം നേരിടുകയും പരിമിതിയിലേക്ക് ചുരുങ്ങുകയും ചെയ്യും. തത്വങ്ങൾ മനസിലാക്കാതെ അത് ആർക്കും പ്രായോഗികമാക്കുവാൻ കഴിയുകയില്ല. "വിശ്വാസം" വാക്കുകളിലാക്കിയപ്പോൾ, എബ്രായലേഖകൻ ഉദാഹരണങ്ങൾ നൽകി (എബ്രാ 11). വിശ്വാസിയുടെ ജീവിതത്തിന്റെ ആരംഭം മുതൽ "സ്നേഹം" എന്നതിന്റെ നിലവാരം പൗലൊസ് 1 കൊരിന്ത്യർ 13 ൽ ഉറപ്പിക്കുകയാണ്.

### സ്നേഹത്തിന്റെ പ്രാധാന്യം (13:1-3)

**[1]ഞാൻ മനുഷ്യരുടേയും ദൂതന്മാരുടേയും ഭാഷകളിൽ സംസാരിച്ചാലും, എനിക്ക് സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രെ. [2]എനിക്ക് പ്രവചനവരം ഉണ്ടായിട്ട് സകല മർമ്മങ്ങളും, സകല ജ്ഞാനവും ഗ്രഹിച്ചാലും, മലകളേ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും. സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. [3]എനിക്കുള്ളതെല്ലാം ഞാൻ അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏൽപിച്ചാലും സ്നേഹം ഇല്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല.**

കൊരിന്ത്യയിലെ സഹോദരങ്ങൾക്ക് ആത്മാവ് സഭയിൽ ഉപയോഗിക്കുവാൻ വിവിധ വരങ്ങൾ നൽകിയിരുന്നു, എന്നാൽ പൗലൊസ് പറഞ്ഞത്, സ്നേഹം ഇല്ല എങ്കിൽ അതെല്ലാം വ്യർത്ഥമാണ് എന്നത്രെ (13:1). പൗലൊസ് കൊരിന്ത്യ ക്രിസ്ത്യാനികളുടെ മേൽ കൈ വെച്ചപ്പോൾ അവർക്ക് അത്ഭുതവരങ്ങൾ ആത്മാവ് പ്രദാനം ചെയ്തിരുന്നു. അപ്പൊസ്തലൻ എന്ന പദവിയിൽ, ശക്തമായ അദ്ധ്യക്ഷസ്ഥാനം, കൈവെപ്പിനാൽ അത്ഭുത വരങ്ങൾ ക്രിസ്ത്യാനികൾക്ക് പകർന്നു കൊടുക്കൽ എന്നിമ ഉൾപ്പെടുന്ന ദൈവശ്വാസിയതയും അടങ്ങിയിരുന്നു (പ്രവൃ. 8:14–17; 2 കൊ. 12:12 നോക്കുക). അപ്പൊസ്തലന്മാർ തങ്ങളുടെ അധികാരശക്തിയാൽ നൽകിയ വരങ്ങളെ ചില ക്രിസ്ത്യാനികൾ അവരുടെ സ്വർത്ഥതക്കായി ഉപയോഗിച്ചു. പ്രത്യേക കരുതൽ ആവശ്യമുള്ളതായിരുന്നു അന്യഭാഷ.

പൗലൊസിന്റെ ലേഖനങ്ങളിൽ കൊരിന്ത്യലേഖനത്തിലല്ലാതെ അന്യഭാ

ഷയെ ചർച്ച ചെയ്യുന്നില്ല. അവ പ്രവൃത്തികളുടെ പുസ്തകത്തിൽ മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നു (പ്രവൃ. 2:4-8; 10:46; 19:6) അന്യഭാഷാ വരത്തെ കുറിച്ച് മറ്റു ഭാഗങ്ങളിൽ ക്രിസ്തീയ വരങ്ങളെ കുറിച്ചു പറയുന്നതിൽ ഉൾപ്പെടുത്തിയിട്ടില്ല (റോമ. 12:4-8; എഫെ. 4:11-13; 1 പത്രൊ. 4:10, 11). പുതിയ നിയമത്തിൽ വളരെ അപൂർവ്വമായി കാണുന്ന ഒന്നാണ് അന്യഭാഷ. ചിലർ പ്രത്യേക ശബ്ദങ്ങൾ പുറപ്പെടുവിച്ച് "കരിസ്മാറ്റിക് അട്ടറൻസ്" ആണെന്ന് അവകാശപ്പെടുന്നു. ചിലർ അന്ന് നടന്ന അതേ ലെവലിൽ അന്യ-ഭാഷയിൽ സംസാരിക്കുവാൻ തങ്ങൾക്ക് കഴിയുമെന്ന് അവകാശപ്പെടുന്നു. അത്തരത്തിലുള്ള അന്യ-ഭാഷക്ക് പുതിയ നിയമത്തിൽ .യാതൊരു അടിസ്ഥാനവുമില്ല.

സാധാരണ രീതിയിൽ പഠിക്കാതെ അമാനുഷമായി അന്യ-ഭാഷയിൽ സംസാരിക്കുവാൻ കൊരിന്തിലുള്ള ചിലർക്ക് കഴിഞ്ഞിരുന്നു. അത്ഭുതകരമായ സംഭവങ്ങൾ ഗ്രീക്ക്-റോമാ ലോകത്ത് നടന്നിരുന്നില്ല. എന്നാൽ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടേയും, ക്രിസ്ത്യാനികളുടേയും, തന്റേയും പ്രകടനങ്ങളെ വേർതിരിച്ചു കാണിക്കുവാൻ പൗലൊസിന് കഴിഞ്ഞിരുന്നു. ചന്തസ്ഥലത്ത് കാണപ്പെടുന്ന സഞ്ചാരികളായ തത്വചിന്തകന്മാരുടെ പ്രകടനങ്ങളുമായി ചില സാമ്യം ഉണ്ടെങ്കിലും, അവരുടെ അതേ സ്വഭാവമല്ല തങ്ങളുടെ അത്ഭുത പ്രവൃത്തികൾ എന്ന് അപ്പൊസ്തലൻ വ്യക്തമാക്കി (1 കൊ. 9:15; 2 കൊ. 12:13, 14; 1 തെസ്സ. 2:9). അവരുടെ പ്രകടനങ്ങളിൽ, യാന്ത്രികവും, വൈകാരികവും, അർത്ഥശൂന്യവുമായ കാര്യങ്ങളായിരുന്നു നടന്നിരുന്നത്. കൊരിന്ത്യർ അന്യ-ഭാഷയിൽ സംസാരിക്കുന്നതിനെ അവരുടെ ആചാരവുമായി ആളുകൾ അന്ന് താരതമ്യം ചെയ്തിരുന്നു.[2] അന്യ-ഭാഷാ വരം ലഭിച്ച ക്രിസ്ത്യാനികൾ ചെയ്യുന്നതും ഗ്രീക്ക് പ്രവാചക വാക്കുകളുടെ പ്രകടനവും തമ്മിലുള്ള വ്യത്യാസം പൗലൊസ് വിശദമാക്കി കൊടുത്തിരുന്നു.

ഒന്നാം നൂറ്റാണ്ടിലെ ഗ്രീക്കു-റോമാ ലോകത്തിൽ ലഭ്യമല്ലാതിരുന്നതും പൗലൊസ് ഉപയോഗിച്ചതുമായ ഒരു പദത്തിന്റെ ഗ്രീക്ക് ἀγάπη (*അഗാപെ*), എടുത്ത് അന്യഭാഷാ-വരത്തിന്റെ വ്യത്യാസം മനസിലാക്കി കൊടുക്കുകയാണ്. ഒരാൾ മറ്റൊരാളുടെ നന്മക്കായി പ്രവർത്തിക്കുന്നതിനെ അപ്പൊസ്തലൻ ചുരുക്കി പറയുകയാണ്. പ്രതിഫലം ഇച്ഛിക്കാതെ ഒരാൾ മറ്റൊരാൾക്ക് ചെയ്യുന്ന പ്രവൃത്തിയെയാണ് ഇത് സൂചിപ്പിക്കുന്നത്. ലഭിക്കുന്ന ആളുടെ യോഗ്യത നോക്കാതെ ചെയ്യുന്ന പ്രവൃത്തിയാണ് യഥാർത്ഥ സ്നേഹം, അതിന്റെ ഉറവിടം ദൈവമാണ്. ദൈവം തന്റെ പുത്രനെ അയക്കുകയും, അവൻ തന്റെ പ്രവൃത്തിയിൽ, അതായത് ക്രൂശിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ഉയർന്ന നിലയിൽ അന്യ-ഭാഷ ഉപയോഗിച്ചപ്പോൾ, അവരുടെ വിലയിരുത്തലിനെ പൗലൊസ് ശ്രദ്ധിച്ചു പറഞ്ഞു, "ഒരാൾ മനുഷ്യരുടേയും ദൂതന്മാരുടേയും ഭാഷകളിൽ സംസാരിച്ചാലും" (13:1), സ്നേഹം ഇല്ല എങ്കിൽ, അത് പ്രയോജനം ഇല്ലാതാകും എന്നത്രെ അപ്പൊസ്തലൻ പറഞ്ഞത്. അപ്പൊസ്തലൻ പറഞ്ഞ "ദൂതന്മാരുടെ ... ഭാഷ" എന്താണെന്ന് നിശ്ചയമില്ല. അത് അതിശയത്തെയും മനോഹാരിതയെയും കാണിക്കുന്നു എന്നു പറയാം.

13:1-3 ൽ പൗലൊസ് ഉപയോഗിച്ചത് ഒന്നാം വ്യക്തി സർവ്വനാമമായ "ഞാൻ" എന്നാണ്. സാഹചര്യം വന്നപ്പോൾ പൗലൊസും അന്യ-ഭാഷ സംസാരിച്ചിരുന്നു,[3] എങ്കിലും ആ വരം സ്നേഹത്താൽ കുറഞ്ഞതാണെന്ന് അപ്പൊസ്തലൻ തിരിച്ചറിഞ്ഞിരുന്നു.

**വാക്യം 1**. സ്നേഹം ഇല്ലെങ്കിൽ, ഉയർന്ന വരമായ അന്യ-ഭാഷ **മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ** ആകും. ക്രിസ്ത്യാനികൾ ദൈവത്തെയും അന്യോന്യവും സ്നേഹിച്ചില്ലെങ്കിൽ, ഭീഷണി നേരിടും എന്ന കാര്യത്തിൽ സംശയമില്ല. രണ്ടാം നൂറ്റാണ്ടിന്റെ അവസാനം, ഇഗ്നേഷ്യസും മറ്റുള്ളവരും ഒരു സദൃശ വാക്യപ്രയോഗം എടുത്തിരുന്നു. അവർ പറഞ്ഞു, "ക്രിസ്ത്യാനികളും അവരുടെ നായകന്മാരും, വീണയിലെ കമ്പികൾ പോലെയാണ്."[4] സ്വന്ത മഹിമക്കായി ഭാഷാ വരത്തെ ഉപയോഗിക്കുമ്പോൾ, അത് അപസ്വരം മാത്രമെ പുറപ്പെടുവിക്കു.

"ചെമ്പ്" എന്ന വാക്ക് χαλκός (*ചാൽകോസ്*), അക്ഷരികമായി അർത്ഥമാക്കുന്നത് ചെമ്പ്, അല്ലെങ്കിൽ പിച്ചള എന്നാണ്. ബി. സി., 146 ൽ റോമാക്കാർ കൊരിന്തിനെ കീഴ്പ്പെടുത്തിയപ്പോൾ, കൊരിന്ത്യർ ഉണ്ടാക്കിയിരുന്ന ചെമ്പുപാത്രങ്ങൾ റോമിൽ പ്രസിദ്ധമായി. റോം കൊരിന്ത്യ പിടിച്ചടക്കി ഇരുന്നൂറു വർഷങ്ങൾക്കു ശേഷം എഫെസൊസിൽനിന്ന് എഴുതിയ പൗലൊസിന്റെ മനസിൽ അവിടത്തെ ചെമ്പുപണികളൊന്നും ഉണ്ടാകാനിടയില്ല എന്ന് സ്പഷ്ടം[5]. കൂടാതെ അത്തരം ചിന്ത പൗലൊസ് പറയുന്ന വിഷയത്തിന് വലിയ അർത്ഥമൊന്നും കൈവരിക്കുവാനില്ല. തിയേറ്ററുകളുടെ ഉൽപന്നമായ ചില "ചെമ്പു" പാത്രമാണ് പൗലൊസിന്റെ ചിന്തയിൽ ഉണ്ടായിരുന്നത് എന്നാണ് അടുത്ത കാലത്ത് ചിലർ അവകാശപ്പെട്ടത്. "ഇലത്താളമെങ്കിൽ" അതിനു മറ്റു വാദ്യസംഗീതോപകരണങ്ങളുമായി സാമ്യം ഇല്ലായിരുന്നു. അതുപോലെ അന്യഭാഷ സ്വമഹത്വത്തിനായി ഉപയോഗിച്ചാൽ അതുകൊണ്ട് ആർക്കും പ്രയോജനം ഇല്ല എന്നാണ് പൗലൊസ് വാദിച്ചത്.

**വാക്യം 2**. സ്നേഹമില്ലാതെ ഒരാൾ വരം ഉപയോഗിച്ചാൽ അത് **ഒന്നുമല്ല**. ഈ ലേഖനത്തിൽ ആദ്യ മൂന്നു അദ്ധ്യായങ്ങളിൽ അഞ്ചു പ്രാവശ്യം പൗലൊസ് "എങ്കിൽ" (ἐάν, *ഇയാൻ*) സാധ്യതാ വാക്ക് ഉപയോഗിച്ചിരിക്കുന്നു. അവൻ ആദ്യം പറഞ്ഞത് "ഞാൻ അന്യഭാഷയിൽ സംസാരിച്ചാൽ ..." എന്നാണ് (13:1). പിന്നെ പറയുന്നത്, **എനിക്ക് പ്രവചന വരം ഉണ്ടായിട്ട് ... എനിക്ക് മലകളെ നീക്കുവാനുള്ള വിശ്വാസം ഉണ്ടായിട്ട്** ... എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും, ആ പ്രവൃത്തികളെല്ലാം ക്രിസ്തുവിനെ അറിയുന്നവർക്ക് വളരെ പ്രാധാന്യമുള്ളവ തന്നെയാണ്; എന്നിരുന്നാലും, സ്നേഹമില്ലെങ്കിൽ അവയെല്ലാം വിലയില്ലാതായി തീരും. സ്നേഹിമില്ലെങ്കിൽ ക്രിസ്ത്യാനികൾ ചെയ്യുന്നതെല്ലാം വ്യർത്ഥമാണ്. ശ്രേഷ്ഠ വരങ്ങളെ വാഞ്ഛിപ്പിൻ എന്നാണ് പൗലൊസ് പറഞ്ഞത് (12:31), പക്ഷെ ആ വരങ്ങളെ സൂക്ഷിച്ച് ഉപയോഗിക്കുവാനാണ് അപ്പൊസ്തലൻ ആവശ്യപ്പെട്ടത്.

പ്രവചന വരം, ഉപദേശിക്കുന്നതിനാണ്, അത് ദൈവാധികാരത്താലുള്ളതായിരുന്നു. പ്രവാചകന്റെ സംസാരം ദൈവം നിയന്ത്രിച്ചിരുന്നു (12:10 നോക്കുക). അന്യഭാഷയേക്കാൾ സഭക്ക് കൂടുതൽ ആത്മിക വർദ്ധനവ് വരുത്തിയത് പ്രവചനമായിരുന്നു കാരണം, അത് സഭക്ക് "പ്രത്യാശയും, ആശ്വാസവും, പ്രബോധനവും നൽകുന്നതായിരുന്നു" (14:3). അന്യഭാഷയിൽ നൽകുന്ന സന്ദേശം, വ്യാഖ്യാനി ഇല്ലെങ്കിൽ, കേൾക്കുന്നവർക്ക് പ്രയോജനമില്ല, എന്നാൽ പ്രവാചകന്മാർ ദൈവത്തിൽനിന്നു നേരിട്ടുള്ള സന്ദേശം ലഭിച്ച് അവതരിപ്പിക്കുമ്പോൾ, കേൾവിക്കാർക്ക് കൂടുതൽ മനസിലാകും. അത്തരം അദ്ധ്യക്ഷന്മാരുടെ പ്രബോധനം, കേൾവിക്കാരെ "ഉത്തേജിപ്പിക്കയും, ബലപ്പെടുത്തുകയും ബലപ്പെടുത്തുകയും, ആശ്വസിപ്പിക്കുകയും ചെയ്യും" (എൻഎൽടി).

പ്രവചനത്തിൽനിന്ന്, അപ്പൊസ്തലൻ **മർമ്മം** മനസിലാക്കുന്നതിലേക്കാണ് അപ്പൊസ്തലൻ തിരിയുന്നത്. (μυστήρια, *മസ്റ്റേരിയ*) ഗ്രീക്ക് മത ലോകത്ത് ആ വാക്ക് വളരെ പ്രധാനപ്പെട്ട ഒന്നാണ്.ഡയോനിസോസ്, ദെമെത്രയോസ് എന്നീ ദേവന്മാരെയും കൂടാതെ ദേവിമാരെയും സമ്പ്രാദായപ്രകാരം ആളുകൾ ആരാധിച്ചിരുന്നു. ആഴമേറിയതും, വളരെ-പുരാതനവുമായ ചടങ്ങുകൾ ആളുകൾ ചെയ്തു വന്നിരുന്നു. പൂർവ്വ ദേശങ്ങളിലൊ സമ്പദ്രായ ചടങ്ങുകളിലും അത്തരം ആരാധകൾ കാണാം. എന്നാൽ ക്രിസ്തുവിൽ ഉള്ള മർമ്മം വെളിപ്പെടുത്തിയിരിക്കുകയാണ് (എഫെ. 3:4-6, 9). എന്നിരുന്നാലും, എല്ലാ മർമ്മങ്ങളെയും കുറിച്ചുള്ള ജ്ഞാനം-അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെയും, യെഹൂദന്മാരുടേയും, ക്രിസ്ത്യാനികളുടേയായാലും-സ്നേഹം ഇല്ലെങ്കിൽ അവ വെറുതെയാണ്.

**ജ്ഞാനം**, പൗലൊസിന്റെ ഹൃദയത്തിനടുത്തുണ്ടായിരുന്നു. “പതിനായിരം വാക്ക് അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ ബുദ്ധികൊണ്ട് [മനസുകൊണ്ട്] അഞ്ചുവാക്ക് പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്” എന്നത്രെ പൗലൊസ് പറഞ്ഞത് (1 കൊ. 14:19). അവന്റെ ജ്ഞാനത്തിൽ നിന്നാണ് വിശ്വാസം വന്നത്, പക്ഷെ ക്രിസ്തുവിനോടും അവന്റെ ജനത്തോടും സ്നേഹം ഇല്ല എങ്കിൽ അത് വ്യർത്ഥമത്രെ. വിശ്വാസം എന്നത് നേരെ മുകളിലേക്കുള്ള ഒരാളുടെ ആശ്രയവും പ്രത്യാശയുമാണ്. വിശ്വാസത്തിന് ഊഹിക്കുവാൻ കഴിയുന്നതിനപ്പുറമായി പലതും കൈവരിക്കുവാന് കഴിയും (മത്താ. 21:21). ക്രിസ്തുവിലുള്ള ജീവിതം ജ്ഞാനവും വിശ്വാസവുമുള്ളതായാലും, സ്നേഹമില്ലങ്കിൽ അത് വ്യർത്ഥമാണ്.

**വാക്യം 3**. ഏറ്റവും ഉയർന്ന അത്ഭുതവരങ്ങളായ-അന്യഭാഷ, പ്രവചനം, ജ്ഞാനം, വിശ്വാസം ആയാലും-അവ പരിശീലിക്കുന്നവരിൽ സ്നേഹമില്ലെങ്കിൽ അവയൊന്നും വിലയില്ലാതായി തീരുമെന്നാണ് പൗലൊസ് പറയുന്നത്. എത്ര പ്രാഗദ്ഭ്യത്തോടെ ആ വലിയ വരങ്ങൾ ഉപയോഗിക്കുവാൻ കഴിഞ്ഞാലും സ്നേഹം ഇല്ല എങ്കിൽ ഒരു പ്രയോജനവും **ഇല്ല**. പ്രത്യേക ജ്ഞാനം ഉണ്ടെന്ന് കരുതി വ്യക്തികൾ തമ്മിൽ മൽസരിക്കുവാൻ തുടങ്ങിയാൽ, അത് സഭയുടെ ഐക്യതയെ ബാധിക്കും. പ്രവാചകന് ഉൾക്കാഴ്ച്ചയോടെ, ശ്രദ്ധയില്ലാതെയും സ്നേഹം ഇല്ലാതെയും സംസാരിക്കുവാൻ കഴിഞ്ഞേക്കാം. അവയാൽ തിരുവെഴുത്തുകളുടെ മർമ്മം എല്ലാം മനസിലാക്കിയിരിക്കാം; എങ്കിലും, സ്നേഹമില്ലാതെ സംസാരിച്ചാൽ, അയാൾ പരാജയമായിരിക്കും.

നിങ്ങൾക്ക് കടുകു മണിയോളം വിശ്വാസം ഉണ്ടെങ്കിൽ, ഈ മലയോട് നീങ്ങി പോകുവാൻ പറഞ്ഞാൽ നിങ്ങി പോകും എന്നാണ് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത് (മത്താ. 17:20). ഏറ്റവും വലിയ വിശ്വാസം ഉണ്ടായാലും സ്നേഹമില്ലെങ്കിൽ ഒന്നുമല്ല. ജോൺ സ്റ്റൗട്ട് ഇപ്രകാരം പറഞ്ഞു: “ദൈവജനത്തിന്റെ സ്വഭാവമായി തിരിച്ചറിയുന്നത്, പ്രഥമമായും, മുഖ്യമായും നിൽക്കുന്നത് സ്നേഹം ആണ്. സ്നേഹത്തിന് പകരമായി വെക്കുവാൻ മറ്റൊ ന്നില്ല, സ്നേഹം പരമോന്നതമാണ്.”[6] കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ സ്നേഹത്തിനും ഉപദേശത്തിനും പകരമായി ഒരുപക്ഷെ ആത്മിയ വരങ്ങൾ പരിശീലിച്ചിരിക്കാം.

സ്നേഹം ഇല്ലെങ്കിൽ, ആത്മിയ വരങ്ങൾ ഒരു പ്രയോജനവുമില്ലായിരുന്നു. സ്നേഹത്തെ കൂടുതലായി നിർവ്വചിക്കുകയായിരുന്നില്ല പൗലൊസിന്റെ ചിന്ത, സ്നേഹം ആയാലും, വിശ്വാസം ആയാലും, അത് ജീവിതത്തിൽ പാലി

ക്കുന്നില്ലെങ്കിൽ അതുകൊണ്ട് ഫലമില്ല; ക്രിസ്തുവിനെ പോലെ ആകുവാനും സാധ്യമല്ല. ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ത്യാഗോജ്വലമായ സ്നേഹം ജീവിതത്തില് ജ്വലിപ്പിക്കുവാനാണ് പൗലൊസ് ആവശ്യപ്പെട്ടത്. അഹംഭാവം നിമിത്തമോ സ്വാർത്ഥത നിമിത്തമോ-ഒരാൾ വലിയ സംഖ്യ മറ്റൊരാൾക്ക് നൽകുകയോ-അല്ലെങ്കിൽ ജീവിതം അയാൾക്ക് വേണ്ടി ഉഴിഞ്ഞു വെച്ചേക്കാം. നമ്മുടെ ജീവിതത്തിൽ, നാം എന്തു തന്നെ മറ്റൊരാൾക്ക് ചെയ്താലും, ദൈവത്തോടും സഹ മനുഷ്യനോടുമുള്ള സ്നേഹത്താലല്ല ചെയ്യുന്നതെങ്കിൽ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. ക്രിസ്തുവിൽ, ഒരാൾ ചെയ്യുന്നതിനു മാത്രമല്ല, അപ്പോഴത്തെ അയാളുടെ ഹൃദയാവസ്ഥയും പ്രാധാന്യമുള്ളതാണ്.

13:3 ൽ ഗ്രീക്കിലെ തർജിമയിൽനിന്നു രണ്ടു ചോദ്യങ്ങൾ ഉയരാം. ആദ്യത്തേത് ക്രിയ ψωμίζω (*സോമിമോ*; "ഫീഡ്"), ഉപയോഗിക്കുന്നതു സംബന്ധിച്ചുള്ളതാണ്, അത് പുതിയ നിയമത്തിൽ ഇവിടെയും റോമർ 12:20 ലും മാത്രമാണുള്ളത്. അത് അർത്ഥമാക്കുന്നത്, "വിശപ്പിന് ഒരു കഷണം അപ്പം കൊടുക്കുന്നത്" അല്ലെങ്കിൽ, "ആഹാരം നൽകുക" എന്നാണ്. "അപ്പം" എന്നതിനുള്ള ആധുനിക ഗ്രീക്ക് ψωμί (*സോമി*) **ദരിദ്രർക്ക് ആഹാരം നൽകുക** എന്നാണ് എൻഏഎസ്ബി തർജിമ ചെയ്തിരിക്കുന്നത്.

രണ്ടാമത്തെ ചോദ്യം 1 കൊരിന്ത്യ ലേഖനത്തിന്റെ പുരാതന പകർപ്പുകളെ സംബന്ധിച്ചുള്ളതാണ്. ആദ്യമായി തർജിമക്കാർ നേരിട്ട പ്രശ്നം അതിനു യോജിച്ച ഇംഗ്ലീഷ് വാക്ക് ലഭിക്കുക എന്നതാണ്. രണ്ടാമത്തെ പ്രശ്നം, പുരാതന കയ്യെഴുത്തുപ്രതികളിലെ (കൈകൊണ്ട് എഴുതിയതാകാം) എഴുത്ത് വ്യത്യസ്തമായിരുന്നേക്കാം. **എന്റെ ശരീരം ചുടുവാൻ ഏൽപിച്ചാലും** എന്ന് ഏകകണ്ഠമായിട്ടാണ് ഇംഗ്ലീഷിലേക്ക് തർജിമ ചെയ്തത്; എങ്ങനെയായാലും, വ്യത്യസ്ത അർത്ഥങ്ങളും പരിഗണിക്കേണ്ടതുണ്ട്. ഉയർന്നതായി കണക്കാക്കുന്ന പുരാതന പകർപ്പുകളിൽ καυθήσομαι (*കൗതെസോമായി*) എന്നതിനു പകരം ഭാവിയിൽ സംഭവിക്കുവാനുള്ള അർത്ഥത്തിൽ ("ചുടുവാൻ ഏൽപ്പിച്ചാൽ") അല്ലെങ്കിൽ καυθήσωμαι (*കൗതേസോമായി*) അർത്ഥം "ചുടുവാൻ ഏൽപിക്കുക"[7] καυχήσωμαι (*കൗതെസോമായി*) എന്നാണ്, "പ്രശംസിക്കുക" ആ വാക്കുകൾ അടുത്തടുത്ത് നിൽക്കുന്നവയാണ്, അർത്ഥത്തിൽ വലിയ വ്യത്യാസം ഇല്ല. വേദഭാഗം എളുപ്പത്തിൽ തർജിമ ചെയ്യുവാനാണ് പകർപ്പെഴുത്തുകാർ ആ വാക്ക് ഉപയോഗിച്ചത് എന്ന് വേദശാസ്ത്ര പണ്ഡിതന്മാർ സമ്മതിക്കുന്നു. ആകയാൽ മൂലഭാഷയിലുള്ളതുപോലെ കാണപ്പെടുവാനായിരിക്കാം അങ്ങനെ ചെയ്തത്. ഒരുപക്ഷെ കൂടുതൽ വിശ്വസനീയമായ അർത്ഥം വരുന്നത്, "പ്രശംസിക്കുക" എന്നതാണ്. പൗലൊസ് ലേഖനം എഴുതിയപ്പോൾ ഉപയോഗിച്ച *കൗചെസോമായി*, തർജിമ ചെയ്യാവുന്നത്, "... ഞാൻ പ്രശംസിക്കേണ്ടതിന് എന്റെ ശരീരം നൽകിയാൽ" എന്നാണ്. ഭാഗ്യവശാൽ രണ്ടിനും തമ്മിൽ ചെറിയ അർത്ഥവ്യത്യാസം മാത്രമാണ് ഉള്ളത്.

### സ്നേഹത്തിന്റെ സ്വഭാവങ്ങൾ (13:4-7)

**[4]സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല [5]സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല സ്വാർത്ഥം അന്വേഷിക്കുന്നില്ല. ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല. [6]അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ**

**സന്തോഷിക്കുന്നു. [7]എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.**

പൗലൊസ് വിവരിച്ച സ്നേഹത്തെ ഒരു സ്ഫടികപടത്തിൽകൂടെ വെളിച്ചും കടന്നുപോകുന്നതുപോലെയാണ് എന്ന് 1874 ൽ ഹെൻറി ഡ്രമോണ്ട് തന്റെ വലിയ പ്രസംഗത്തിൽ പറഞ്ഞത് ഇപ്രകാരം എഴുതി,

> ഒരു ശാസ്ത്രജ്ഞൻ ഒരു സ്ഫടിക പടത്തിന്റെ ഭാഗത്തിൽകൂടെ വെളിച്ചം കടത്തിവിട്ടാൽ, അതിന്റെ മറുഭാത്തുനിന്നു നിറങ്ങൾ മുറിഞ്ഞു മുറിഞ്ഞു കാണപ്പെടും-ചുവപ്പ്, നില, മഞ്ഞ, വയലറ്റ്, ഓറഞ്ച്-തുടങ്ങി മഴവില്ലിന്റെ എല്ലാ നിറങ്ങളും പുറത്തു വരുന്നു. അതുപോലെ, പൗലൊസ് സ്നേഹം എന്നു പറയുന്ന കാര്യവും, അവന്റെ ശ്വാസിയ ബുധ്ധിയിൽ കൂടെ അതിന്റെ എല്ലാ വശങ്ങളും പുറത്തു വരുന്നു.[8]

"സ്നേഹം" എന്ന വാക്ക്, ശ്രദ്ധയില്ലാതെ ഉപയോഗിച്ചു വരുന്നതിനാൽ, അതിന്റെ ശരിയായ അർത്ഥം ലഭിക്കാത്ത വിധത്തിലാണ് ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിലെല്ലാം ഉപയോഗിച്ചു വരുന്നത്. അതിന്റെ ശക്തിയോ മർമ്മമോ വിട്ടിട്ടില്ല. പൂർണ്ണ ആത്മാർത്ഥതയോടെ, ആളുകൾ സ്നേഹിക്കുന്നു എന്ന് അവകാശപ്പെടുന്നവർ, ഇഷ്ടപ്പെട്ട ആഹാരം. കളികൾ, അമ്മമാർ, രാജ്യം എല്ലാം ഈ വാക്കിലാണ് പറയുന്നത്. അതേ വാക്കു തന്നെയാണ്, ബാല്യകാല സുഹൃത്തുക്കളോടുള്ള വികാരത്തിനും, ഹൃദയസ്പന്ദനത്തിനും ഉപയോഗിക്കുന്നു. പരസ്യക്കാർ, "സ്നേഹം" എന്ന വാക്ക് കാർ, മരുന്നുൽപ്പന്നങ്ങൾ, തുണിവ്യവസായങ്ങൾക്കെല്ലാം ഉപയോഗിച്ചു വരുന്നു. അതിനർത്ഥം, എല്ലാറ്റിനും ഉപയോഗിക്കാമെന്നാണെങ്കിൽ അതിനു വാസ്തവത്തിൽ അർത്ഥമില്ലാതാകുന്നു.

പാശ്ചാത്യആചാരത്തിൽ "സ്നേഹം" എന്ന വാക്കിന്റെ അർത്ഥം ക്ഷയിപ്പിച്ചതിനാൽ, ഒന്നാം നൂറ്റാണ്ടിൽ, ഗ്രീക്ക്-റോമാ ലോകത്ത് ക്രിസ്തീയ ആശയമായി ഉപയോഗിച്ച അഗാപെ എന്ന വാക്കിന്റെ അർത്ഥം തന്നെ മാറിയിരിക്കുന്നു. "വിശ്വാസം," (πίστις, *പിസ്റ്റിസ്*) "കൃപ," (χάρις, *കാരിസ്*) "പ്രത്യാശ" (ἐλπίς, *എൽപിസ്*) എന്നിവ എഴുതിയവർ തിരഞ്ഞെടുത്തപ്പോൾ ഉപയോഗിച്ചത് അവർക്കു ചുറ്റും ഉപയോഗിച്ചിരുന്ന വാക്കുകളാണ്. അവർ അവയെ നിർവ്വചിക്കയും പുനർനിർവ്വചിക്കയും ചെയ്തു; ചില സ്ഥലത്ത് അഗാപെ അസാധാരണമാണ്. യേശുവും അവന്റെ അനുയായികളും ഈ വാക്കിനെ അടിക്കടി മാനുഷികവും ദൈവികവുമായ ബന്ധങ്ങൾ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരുന്നു. ആ വാക്ക് ഉപയോഗിച്ച് അതിന് പുതിയ അർത്ഥം കൊടുക്കുകയായിരുന്നില്ല പൗലൊസിന്റെ ശ്രമം. ഉയരത്തിൽനിന്നുള്ള പരിജ്ഞാനത്താലായിരുന്നു അപ്പൊസ്തലൻ ക്രിസ്തീയ സ്നേഹത്താൽ ക്രിസ്തുവിനെ അനുഗമിപ്പാൻ ആവശ്യപ്പെട്ടത്. നിസാരമായി ഉപയോഗിക്കാവുന്ന ക്രിയയായോ, നാമമായോ അല്ല ദൈവഹിതമായ സ്നേഹത്തെ വെളിപ്പെടുത്തിയത്.

**വാക്യം 4**. സ്വഭാവ ഗുണമായി പൗലൊസ് സ്നേഹത്തെ വിവരിക്കുമ്പോൾ, അത് ഒരു ഊഷ്മളതയായിട്ടല്ല രണ്ട് ക്രിയാത്മകവും മൂന്നു നിഷേധവുമായ സ്നേഹത്തിന്റെ ഘടകങ്ങൾ ആരംഭിക്കുന്നത്.[9]

**സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു.**

ഒരാൾക്ക് സഹോദരന്റെ അല്ലെങ്കിൽ അയൽക്കാരന്റെ സ്ഥാനത്ത് നിൽക്കുവാൻ കഴിയുമ്പോഴാണ് അയാളുടെ ബലഹീനത സഹിക്കുവാൻ കഴിയുന്നത്. ക്ഷമിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവന് മാത്രമാണ് മറ്റുള്ളവരുടെ തെറ്റുകൾ അവരോട് ക്ഷമിക്കുവാൻ കഴിയുക. ചുരുക്കി പറഞ്ഞാൽ സ്നേഹം മറ്റുള്ളവരോട് ദയ കാണിക്കും. കാരണം ദൈവം ദയാലുവാണ്. ആകയാൽ തന്റെ പ്രപഞ്ചത്തിലെ വംശത്തോട് ദയാലുവായി പെരുമാറുന്നു. ക്രിസ്തീയ സ്നേഹവും, ദയയും സൃഷ്ടികർത്താവിനെ പ്രതിഫലിപ്പിക്കും.

സ്നേഹം **അസൂയപ്പെടുന്നില്ല**. ആത്മാവിന്റെ അത്ഭുതവരങ്ങൾ കൂടുതൽ ദൃശ്യമാകുന്നതിൽ മൽസരിക്കുവാൻ തുടങ്ങിയത് അസൂയ നിമിത്തമാണ്-ഉദാഹരണമായി പറഞ്ഞാൽ, അന്യ-ഭാഷ, രോഗശാന്തി, പ്രവചന വരം എന്നിവ.

സ്നേഹം **നിഗളിക്കുന്നില്ല, ചീർക്കുന്നില്ല**. ആത്മിയ വരങ്ങൾ ലഭിച്ചവർ, തങ്ങൾ ഉയർന്നവരാണെന്ന് നാട്യവും, അഹങ്കാരവുമുള്ളവരായി തീർന്നു. ആ മൽസര മനോഭാവമാണ് കൊരിന്തിൽ സഹോദരനെതിരെ സഹോദരൻ തിരിയുവാൻ കാരണം. ക്രിസ്ത്യാനികൾ തങ്ങളുടെ പഴയ സ്വാർത്ഥവഴി ഉപേക്ഷിച്ച് പുതിയ സ്നേഹവഴി സ്വീകരിക്കുവാനാണ് അപ്പൊസ്തലൻ പ്രബോധിപ്പിച്ചത്. സ്നേഹിക്കുവാൻ തന്നെ കുറിച്ച് തന്നെ അധികം സംസാരിക്കുകയോ, താൻ ചെയ്ത പ്രവൃത്തികളിൽ പ്രശംസിക്കുകയോ ഇല്ല.

സ്നേഹം ഒരാളുടെ വ്യക്തിപരമായ അജണ്ട ആക്കുവാൻ കഴിയുമെന്ന് ജാതികളുടെ അപ്പൊസ്തലന് നന്നായി അറിയാമായിരുന്നു. ശരിയായി നിർവ്വചിക്കാതെ തന്നെ ഏതൊരു പ്രവൃത്തിയെയും ഒരാൾക്ക് സ്നേഹത്തെ ന്യായീകരിക്കുവാൻ കഴിയും അതുപോലെ സ്നേഹിക്കാതിരുന്നതിന് ഒഴികഴിവ് പറയുവാനും സാധിക്കും. കവർച്ച മുതൽ വ്യഭിചാരം വരെയുള്ള ദുഷ്പ്രവൃത്തികളെയും ആളുകൾ സ്നേഹത്തിന്റെ പേരിൽ ന്യായീകരിക്കുവാൻ ശ്രമിക്കും. ജെയിംസ് ഡി.ജി. ഡൺ പറഞ്ഞു,

> ... സ്നേഹം വ്യക്തിപരമായി നേട്ടത്തിനായി നാട്യഭാവത്തിൽ ... ഇല്ലാത്ത അവകാശങ്ങൾ കരിസ്മാറ്റിക് അധികാരത്തിന്റെ പേരിൽ നടത്തുവാൻ ശ്രമിക്കും.[10]

**വാക്യം 5**. സ്നേഹം **അയോഗ്യമായി നടക്കുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല**. ക്രിസ്തു തന്റെ ജനത്തിൽനിന്നു പ്രതീക്ഷിക്കുന്ന വാസ്ത്വത്തിലുള്ള സ്നേഹത്തിന്റെ അർത്ഥമാണ് അപ്പൊസ്തലൻ ബോധ്യപ്പെടുത്തുന്നത്. അത് മനസിലാക്കുവാൻ അവൻ നമ്മെ സഹായിക്കുകയാണ്. സ്നേഹം ഉണ്ടെങ്കിൽ ആരും ക്രിസ്തു-ഇല്ലാത്തതുപോലെ നടക്കുകയില്ല. അവർ മറ്റുള്ളവർക്ക് തിരിച്ചറിയാവുന്ന ദൈവഭക്തിയോടെ നടക്കും. സ്നേഹം ആരെയും തെറ്റിദ്ധരിപ്പിക്കയില്ല. മറ്റുള്ളവരുടെ തിന്മ കാണുന്നതിനു പകരം നന്മയായിരിക്കും സ്നേഹമുള്ളവർ കാണുന്നത്. ക്രിസ്തീയ ജീവിതത്തിൽ അത്തരം സ്നേഹത്തിന് വളരെ ഫലം പുറപ്പെടുവിക്കുവാൻ കഴിയും.

സ്നേഹം **ദ്വേഷ്യപ്പെടുന്നില്ല**. ഗ്രീക്ക് വാക്ക് (*പാരോക്സുനോ,* "കോപിപ്പിക്കുക") സ്നേഹത്തിന് സ്നേഹിതന്മാർക്കിടയിൽ വഴക്ക് ഉണ്ടാക്കുവാൻ കഴിയുകയില്ല. അത് ഒരു സംയുക്ത വാക്ക് ആണ് ὀξύνω (*ഓക്സുനോ,* "മൂർച്ച വരുത്തുക") സ്നേഹത്തിന് "പെട്ടെന്ന് ദേഷ്യപ്പെടുവാൻ" കഴിയുകയില്ല എന്നാണ് പൗലൊസ് പറഞ്ഞത് (എൻഐവി). സംയുക്ത ക്രിയ പറയു

ന്നത് വിലകുറഞ്ഞ മനോഭാവം ഉള്ളവരാണ് മറ്റുള്ളവരോട് ദേഷ്യപ്പെടുന്നത് എന്നാണ്. സ്നേഹത്തിന് ശണ്ഠയിൽ സന്തോഷിക്കുവാൻ കഴിയുകയില്ല. "വിശ്വാസത്തെ പ്രതിരോധിക്കുവാൻ" വിവാദത്തിൽ മറഞ്ഞിരിക്കും.

സ്നേഹം **ദോഷം കണക്കിടുന്നില്ല**. സ്നേഹിക്കുന്ന ക്രിസ്ത്യാനി ദീർഘക്ഷമയുള്ളവനായിരിക്കും. മറ്റുള്ളവരെ അവർ തെറ്റായി പ്രവർത്തിച്ചാലും പ്രകോപിക്കുകയില്ല. സ്നേഹം ബലഹീനരെ താങ്ങി അവരോട് സൗമ്യമായി പെരുമാറും. ദുഷ്ടന്റെ പ്രവൃത്തി തന്നെ വ്യക്തിപരമായി ബാധിച്ചാലും, അതു ദോഷമായി കണക്കിടാത്തതാണ് സ്നേഹം. മറ്റൊരാളുടെ യോഗ്യതയെ വിലയിരുത്തുന്നതല്ല യഥാർത്ഥ സ്നേഹം. മറിച്ച് തന്റെ ഹൃദയത്തിൽ ധരിച്ചതായ മനോഭാവം ആയിരിക്കണം. അതായത്, ക്രിസ്തുവിനെ അനുഗരിക്കുന്ന ജീവിതം ആയിരിക്കണം.

**വാക്യം 6**. സ്നേഹം **അനീതിയിൽ സന്തോഷിക്കുന്നില്ല**. ഒരാൾ സ്നേഹിക്കുമ്പോൾ, മറ്റുള്ളവരുടെ തെറ്റുകൾ കാണുമ്പോൾ സന്തോഷിക്കുകയില്ല. മറ്റുള്ളവർ പറഞ്ഞതിലോ, ചെയ്തതിലോ അപാകത കാണുന്നുവെങ്കിൽ അതിൽ രസിക്കുവാൻ സ്നേഹത്തിന് കഴിയില്ല. അത്തരം മനോഭാവം അയാളെ സ്വയം ഉയർത്തുവാനാഗ്രഹിക്കുകയാണ്.

സ്നേഹം **സത്യത്തിൽ സന്തോഷിക്കുന്നു**. സ്നേഹം നീതിയിലും, നന്മയിലുമാണ് സന്തോഷിക്കുന്നത്. മറ്റുള്ളവരിൽ തിന്മ കാണുന്നതിലല്ല, മറിച്ച് ക്രിസ്തുവിൽ തുടർച്ചയായി വളരുമ്പോൾ ആണ് സ്വന്ത-വില ഉയരുന്നത്. സ്നേഹിക്കുന്നവനാണ് സത്യം അന്വേഷിക്കുന്നത്. അങ്ങനെ സത്യം കണ്ടെത്തിയാൽ, പരിജ്ഞാനത്താൽ അനീതി കണ്ടാലും, സത്യത്തിനു വേണ്ടി നിലകൊള്ളുകയും പരദൂഷണവും, സ്വാർത്ഥ ലാഭവും ഒഴിവാക്കുകയും ചെയ്യും.

പൗലൊസ് സ്നേഹത്തെ നിർവ്വചിച്ചപ്പോൾ, അന്ന് നിലവിൽ ഉണ്ടായിരുന്ന ചില നിർവ്വചനങ്ങളെ അവൻ മനപ്പൂർവ്വം ഒഴിവാക്കുകയും ചെയ്തു. ഉദാഹരണമായി പൗലൊസിന്റെ കാലഘട്ടത്തിലെ ധാർമ്മികർ, അവർ ഏറ്റവും ഉയർന്ന വൈകാരികമായ മനസിന്റെ അവസ്ഥയായിരുന്നു εὐδαιμονία (*യൂഡിയിമോണിയ*, "ക്ഷേമം, സന്തോഷം"). ആ ആശയത്തെ പൗലൊസ് പൂർണ്ണമായും അവഗണിച്ചു പുറമെനിന്നു ലഭിക്കുന്നതും വരികയും പോകുകയും ചെയ്യുന്നതുമായ താല്ക്കാലിക സന്തോഷത്തേക്കാൾ പൗലൊസിന് താൽപര്യം, ആന്തരികമായ തൃപ്തിയിലും സമാധാനത്തിലുമായിരുന്നു.

**വാക്യം 7**. സ്നേഹം **എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.** ക്രിയാത്മകമായി പൗലൊസ് നാല് സ്വഭാവ വിശേഷതകൾ കൂടെ കൂട്ടി ചേർക്കുന്നു, "പൊറുക്കുന്നു," "വിശ്വസിക്കുന്നു," "പ്രത്യാശിക്കുന്നു," "സഹിക്കുന്നു," സ്നേഹിക്കുന്ന ആൾ മറ്റുള്ളവരുടെ തെറ്റുകളെയും പരാജയങ്ങളെയും സഹാനുഭൂതിയോടെയാണ് കാണുന്നത് (1 പത്രൊ. 4:8). സംശയത്തിന്റെ ആനുകൂല്യം എടുത്തുകളയുന്നതാണ് സ്നേഹം. കുല, മോഷണം, വ്യാജം എന്നിവ മാത്രമല്ല ലോകത്തില് പാപം ആയിട്ടുള്ളത് എന്ന് സൂക്ഷ്മ പരിശോധന നടത്തുന്നവർക്ക് അറിയാം. സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവർക്കിടയിലും, കൈപ്പും വിദ്വേഷവും, വെറുപ്പും ഉള്ളതായി നമുക്ക് അറിയാം. ഇതു പറയുമ്പോൾ, തെറ്റുകളെ തിരുത്തരുത് എന്ന് അർത്ഥമാക്കരുത്. ക്രിസ്ത്യാനികൾ പാപത്തിൽനിന്നു വിട്ടുനിന്നു നന്മ ചെയ്യണം. എന്നാൽ ക്രിസ്തുവിനോട്

ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ, എല്ലാ പാപസ്വഭാവ പ്രവണതകളും ക്രൂശിക്കപ്പെടുന്നില്ല. ക്രിസ്തുവിന്റെ സഭയിലെ നാം സ്നേഹിക്കുന്ന നമ്മുടെ സഹോദരങ്ങൾ തെറ്റു ചെയ്യുകയാണെങ്കിൽ, നാം സൗമ്യതയിൽ തിരുത്തണം. അതു ചെയ്യുന്നില്ലെങ്കിൽ ഭീരുത്വമായിരിക്കും. താൻ സ്നേഹിക്കുന്നവരിൽ, ശാസനയും, തിരുത്തലും നടക്കുമെന്നത് തന്റെ ചുമതലയിൽ പെട്ടതാണെന്ന് പൗലൊസ് കരുതിയിരുന്നു.

ഒരു ക്രിസ്ത്യാനി മറ്റൊരാളിൽ, വ്യത്യാസമോ, അക്രമമോ, അല്ലെങ്കിൽ സത്യസന്ധതയില്ലായ്മയോ കാണുന്നുവെങ്കിൽ, സൗമ്യതയോടെ അയാളെ മാനസാന്തരപ്പെടുവാൻ ആവശ്യപ്പെടണം. പലപ്പോഴും വിട്ടുപോകുന്ന പുസ്തകമായ യൂദാ പറയുന്നത് ശ്രദ്ധിക്കുക, "സംശയിക്കുന്നവരായ ചില രോട് കരുണ ചെയ്‌വിൻ. ചിലരെ തീയിൽ നിന്നു വലിച്ചെടുത്തു രക്ഷിപ്പിൻ; ജഡത്താൽ കറപിടിച്ച അങ്കി പോലും പകെച്ചുകൊണ്ട് ചിലരോട് ഭയത്തോടെ കരുണ കാണിപ്പിൻ" (യൂദാ. 22, 23). സ്നേഹത്തിന്റെ ആദ്യപടി സഹോദരനെ വിശ്വസിക്കയും, പിന്നെ സത്യം സംസാരിക്കുകയുമാണ്, പിന്നീട് അയാളിലെ നന്മ കാണുക. തെറ്റു തിരുത്തുകയും ശാസിക്കുകയും തിരുത്തുകയും ചെയ്യുന്നത്, അയാളേക്കാൾ താൻ ഉയർന്നു നിൽക്കണം എന്നു കരുതിയാകരുത്.

## സ്നേഹത്തിന്റെ സ്ഥിരത (13:8-12)

**8സ്നേഹം ഒരു നാളും ഉതിർന്നുപോകയില്ല. പ്രവചന വരമോ, അത് നീങ്ങിപോകും; ഭാഷാവരമോ അത് നിന്നു പോകും. ജ്ഞാനമോ അത് നീങ്ങിപോകും, 9അംശമായി മാത്രം നാം അറിയുന്നു, അംശമായി മാത്രം പ്രവചിക്കുന്നു. 10പൂർണ്ണമായതു വരുമ്പോൾ അംശമായതു നീങ്ങി പോകും. 11ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെ പോലെ സംസാരിച്ചു. ശിശുവിനെ പോലെ ചിന്തിച്ചു, ശിശുവിനെ പോലെ നിരൂപിച്ചു. പുരുഷനായ ശേഷമോ, ഞാൻ ശിശുവിനുള്ളത് ത്യജിച്ചുകളഞ്ഞു. 12ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു, അപ്പോൾ മുഖാമുഖമായി കാണും. ഇപ്പോൾ ഞാൻ അംശമായി അറിയുന്നു. അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നെ അറിയും.**

അമാനുഷ വരങ്ങൾ അത്ഭുതമായി ലഭിക്കുന്നതിനേക്കാൾ വലുതാണ് സ്നേഹം എന്നു പൗലൊസ് പറയുന്നു. അതായത് സ്നേഹമാണ് "അതിശ്രേഷ്ഠ മാർഗം" (12:31). തീർച്ചയായും, ഒരിക്കലും അസാധാരണ വരം സ്നേഹത്തെ തടയുന്നില്ല; രണ്ടും ഒരു വ്യക്തിയിൽ നിലനില്ക്കുന്നു. സ്നേഹം പ്രദർശിപ്പിക്കാതെയായിരുന്നു കൊരിന്ത്യയിലുള്ളവർ അത്ഭുത വരങ്ങൾ ഉപയോഗിച്ചത്. കൊരിന്ത്യയിലെ ചില സഹോദരങ്ങൾ ലഭിച്ച ആത്മിയ വരങ്ങളേക്കാൾ സ്നേഹം വലുതാണ് എന്നു പറയുവാനുള്ള കാരണമാണ് പൗലൊസ് നിരത്തുന്നത്. ക്രിസ്ത്യാനിത്വത്തിന്റെ മുഖമുദ്രയാണ് സ്നേഹം. അതിനെ അന്യഭാഷ, ജ്ഞാനം, രോഗശാന്തി, പ്രവചനം എന്നിവയുമായി താരതമ്യം ചെയ്താൽ, വരങ്ങളെല്ലാം താൽകാലികവും, സ്നേഹം എന്നേക്കും നിലനിൽക്കുന്നതുമാണെന്ന് കാണാം. കാരണം അത്ഭുതവരങ്ങളെല്ലാം നിന്നുപോകുന്നവയായിരുന്നു.

**വാക്യം 8. സ്നേഹം ഒരു നാളും ഉതിർന്നു പോകയില്ല** എന്ന് പറഞ്ഞ്

(οὐδέποτε πίπτει, *ഔഡേപോടേപിപ്ടെയി*, അക്ഷരികമായി, "ഒരിക്കലും വീഴുകയില്ല"). സ്നേഹത്തിന്റെ സ്ഥിരതയേയും മാറ്റമില്ലായ്മയേയും ആണ് അപ്പൊസ്തലൻ ഊന്നി പറയുന്നത്. ഒന്നാം നൂറ്റാണ്ടിലെ അത്ഭുത വരങ്ങളുടെ താൽക്കാലിക സ്വഭാവത്തെയാണ് ഇവിടെ പറയുന്നത്.

ആത്മാവ് നേരിട്ട് നൽകിയ മൂന്നു അത്ഭുത വരങ്ങളായ **പ്രവചനം, അന്യഭാഷ, ജ്ഞാനം** എന്നിവ സ്നേഹവുമായി താരതമ്യം ചെയ്യുമ്പോൾ, അവയിൽ രണ്ടെണ്ണം, പ്രവചനവും ജ്ഞാനവും **നിന്നുപോകും** എന്ന് അവൻ പറഞ്ഞു (καταργηθήσεται, *കറ്റാർഗെതംസംടായി*, ഭാവിയെ സൂചിപ്പിക്കുന്ന. καταργέω, *കറ്റാർഗോ*, "റദ്ദ് ചെയ്യുക," "ഇല്ലാതാക്കുക"). അതിനു പറമെ, പൗലൊസ് പറഞ്ഞു, അന്യഭാഷ (παύσονται, *പാവുസോൺടായി* നിന്നുപേ ാകും ഭാവി മദ്ധ്യത്തിലും παύω, *പൗവോ*) ഉപയോഗിച്ചിരിക്കുന്നു. അതുപേ ാലെ തന്നെ ജ്ഞാനവും പ്രവചനവും. ഇവയിലെല്ലാം താൽക്കാലിക വരങ്ങ ളേക്കാൾ ശ്രേഷ്ഠമായതാണ് സ്നേഹം. ഈ വാക്യത്തിൽ പറഞ്ഞ മൂന്നു വരങ്ങളും താൽക്കാലികമായിട്ടുള്ളതായിരുന്നു.

സ്നേഹം നൽകുന്ന വ്യക്തിയിലും അതു ലഭിക്കുന്ന വ്യക്തിയിലും അതിന് പരാജയം സംഭവിക്കുകയില്ല. അത്ഭുത വരങ്ങൾ തിരഞ്ഞെടുക്കപ്പെ ട്ടവർക്ക് മാത്രം ലഭിച്ചുവെങ്കിൽ, സ്നേഹം എല്ലാവർക്കുമുള്ളതാണ്. അതിന് ആത്മാവിന്റെ അമാനുഷ ശക്തി ആവശ്യമില്ല. ഏറ്റവും അഭിലഷണിയ മായ അത്ഭുത വരങ്ങളേക്കാൾ സ്നേഹത്തിന് വിലയുണ്ട്, കാരണം അത് ക്രിസ്തീയ ധാർമ്മികതയുടെ അടിസ്ഥാനമാണ്. സ്നേഹം ഇല്ലെങ്കിൽ ആത്മിയ വരങ്ങൾക്ക് പ്രസക്തിയില്ല. ആത്മിയ വരങ്ങളായ അന്യഭാഷ, പ്രവചനം, ജ്ഞാനം എന്നിവയെ പൗലൊസ് കുറച്ചു കാണിക്കുകയല്ല, നേരത്തെ അവൻ അത് വാഞ്ഛിപ്പിൻ എന്നു പറഞ്ഞിരിക്കുന്നു (12:31). എങ്ങനെയായാലും, കൊരിന്ത്യയിലുള്ളവർ രാജ്യത്തിന്റെ മക്കളാകുവാൻ വളഞ്ഞ വഴിയായിരുന്നു സ്വീകരിച്ചത്. സഭയുടെ ആത്മിയത എടുത്തുകളയുന്ന മൽസര മനോഭാവം നിർത്തുവാനായിരുന്നു പൗലൊസ് ആഹ്വാനം ചെയ്തത്.

**വാക്യം 9**. സ്നേഹത്തെ 13:8 ൽ അത്ഭുത വരങ്ങളുമായി താരതമ്യം ചെ യ്തു വരങ്ങളെല്ലാം ഭാഗികം എന്നു പറഞ്ഞിരിക്കുന്നു. സഭയുടെ ശൈശവപ്ര ായത്തിൽ, പൂർണ്ണമായതു വരുന്നതു വരെ അവക്ക് പ്രാധാന്യം ഉണ്ടായിരുന്നു. ജ്ഞാനവും പ്രവചനവും സഭയുടെ കെട്ടുപണിക്കായിട്ടാണ് ഉപയോഗിച്ചത്. അവ സഭയുടെ അടിസ്ഥാന സ്വഭാവം ആയിരുന്നില്ല. സ്നേഹം ഈ കാലത്തി ലും, വരുവാനുള്ള ലോകത്തിലും ആവശ്യമാണ്. അത്ഭുതകരമായ ജ്ഞാന വും പ്രവചനവും പരിശുദ്ധാത്മ വരങ്ങളായിരുന്നു എങ്കിലും. അവ **അംശമായി മാത്രമാണ് പ്രവർത്തിച്ചത്. നാം അംശമായി മാത്രം അറിയുന്നു,** അംശമായി മാത്രം പ്രവചിക്കുന്നു. ദൈവം ക്രിസ്ത്യാനികൾക്ക് സ്നേഹിപ്പാനുള്ള കഴിവ് നൽകിയിരിക്കുന്നു; ആ സ്വഭാവം നമുക്കുള്ളതാണ്; നാം സ്നേഹിക്കുന്നതിന നുസരിച്ചാണ് ദൈവത്തെ പോലെയാകുന്നത്. ആകയാൽ, തന്നിൽ ക്രിസ്തു വിന്റെ സ്നേഹം നിറക്കുന്ന ഒരാൾ മറ്റൊരാളുടെ കുറവുകൾ നോക്കാതെ അയാളുടെ നന്മ ആഗ്രഹിച്ചു പ്രവർത്തിക്കും.

**വാക്യം 10**. ആത്മിയ വരങ്ങൾ നിത്യമല്ല, എന്നാൽ സ്നേഹം എന്നേക്കും നിലനിൽക്കുന്നതാണ്. ആത്മിയ വരങ്ങൾ നിന്നുപോകയും സ്നേഹം എന്നേ ക്കുമുള്ളതാകയാൽ കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ സ്നേഹസ്വഭാവം പിടിച്ചുകൊള്ളണമായിരുന്നു. ദൈവനാമ മഹത്വത്തിനായും സഭയുടെ ഉയർച്ച

ക്കുമായി അവർ ആത്മിയ വരങ്ങളെയും ദൈവം–നൽകിയ സ്നേഹത്തേയും യോജിപ്പിച്ച് കൊണ്ടുപോകേണ്ടിയിരുന്നു. തീർച്ചയോടും ഉറപ്പോടുംകൂടെ യാണ് പൗലൊസ്, **പൂർണ്ണമായതു വരുമ്പോൾ, അംശമായതു നീങ്ങി പോകും** എന്നു പറഞ്ഞത്. സ്നേഹത്തിന്റെ ഔന്നത്യം അവർ കാണുവാൻ പൗലൊസ് ആഗ്രഹിച്ചു. കൊരിന്ത്യർക്ക് ലഭിച്ച വരങ്ങൾ “അംശമായിരുന്നു” എന്നും അത് “പൂർണ്ണമായത്” വരുമ്പോൾ നീങ്ങി പോകുമെന്നും അവർ തിരിച്ചറി യണമായിരുന്നു. “പൂർണ്ണമായത്” എന്തെന്ന് അറിയുവാൻ കൂടുതൽ പഠനം നോക്കുക? **(പേജ് 105.)**

**വാക്യം 11.** “അംശമായതും,” “പൂർണ്ണമായതും” തമ്മിലുള്ള ഒരു താരതമ്യ മാണ് നൽകിയിരിക്കുന്നത്. “സ്നേഹം” എന്ന ആശയത്തിൽ വളർന്നു പക്വത പ്രാപിക്കുന്നതാണ് “പൂർണ്ണത” എന്നു ചിലർ കരുതുന്നു. അവർ അതിനെ പിന്തുണക്കുന്നതിന് എടുക്കുന്ന വേദഭാഗം 13:11 ആണ്. പൗലൊസ് എഴുതി, **ഞാൻ പുരുഷൻ ആയശേഷം ശിശുവിനുള്ളത് ത്യജിച്ചു കളഞ്ഞു**. എങ്ങ നെയായാലും, വിശദമാക്കുന്ന “പൂർണ്ണത” അതല്ല എന്നു തീർച്ച. ആ നിരീ ക്ഷണം നല്ലതാണെങ്കിലും, “പൂർണ്ണത” നാം പരിശോധിക്കണം. അപക്വമായവ/ അത്ഭുത വരങ്ങൾ നീങ്ങി പോകുന്നത് പൂർണ്ണമായതു വരുമ്പോഴാണ്. പിന്നെ ക്രിസ്ത്യാനികൾക്ക് അപക്വമായവയുടെ ആവശ്യമില്ല. ക്രമേണ ക്രിസ്ത്യാനി കൾ ദൈവകൃപയാൽ വിശ്വസ്തമായി ജീവിച്ച് സ്വർഗം ആസ്വദിക്കും.

**വാക്യം 12.** ദൈവം ക്രിസ്തുവിൽ നൽകിയ വാഗ്ദാന നിവർത്തീക രിണം ആയിരുന്നു അത്ഭുതം ചെയ്യുവാനുള്ള കഴിവ്. അവ ഇന്നും അവകാ ശപ്പെടുന്നവർ ദൃശ്യവും ഭൗതികവും ആയ ഉറപ്പ് ആണ് പ്രതീക്ഷിക്കുന്നത്. ക്രിസ്ത്യാനികൾ **കണ്ണാടി**യിൽ കൂടെ **മങ്ങിയ**[11] രീതിയിൽ കാണുവാനല്ല ദൈവം ആഗ്രഹിക്കുന്നത്. പകരം, അവർ അവനെ **മുഖാമുഖമായി** കാണും. ദൈവം മോശെയെ ഉപയോഗിച്ച ഭാഷയാണ് അപ്പൊസ്തലൻ ഇവിടെ എടു ത്തിരിക്കുന്നത്: “ഢാന്ഢ അവനോട് അരുളിച്ചെയ്യുന്നത് മറപൊരുളായിട്ടല്ല, അഭിമുഖമായി സ്പഷ്ടമായിട്ടത്രെ” (സംഖ്യ. 12:8). സ്വർഗത്തിൽ ദൈവം വീണ്ടെടുക്കപ്പെട്ടവരോട് “മുഖാമുഖമായിട്ടാണ്” സംസാരിക്കുന്നത്.

അധികാരത്തോടെ നൽകിയ അത്ഭുത വരങ്ങൾ, പുതിയ നിയമം പുസ്തക രൂപത്തിൽ എഴുതി തീർക്കുന്നതിനു മുൻപ് സഭയുടെ ഉപദേശത്തിനു വേണ്ടി കൊടുത്തതായിരുന്നു. മതപരമായി താൽപര്യമുള്ളവർക്ക് ഇന്ന് അത്തരം വരങ്ങൾ അവകാശപ്പെടുന്നതിനെ കുറിച്ച് അന്ധവിശ്വാസമായിട്ടാണ് വിലയി രുത്തപ്പെടുന്നത്. ഇന്ന് ദൈവം ആർക്കും അത്ഭുതം ചെയ്യുവാനുള്ള ശക്തി നൽകുന്നില്ല, വിശ്വാസികൾക്ക് ദൈവത്തെ സേവിക്കുവാൻ അവന്റെ ശക്തി യുള്ള വചനം നൽകിയിരിക്കുന്നു. ദൈവം തന്റെ ജനത്തോട് മുഖപക്ഷം കാണിക്കാതെ അവരുടെ യാചനകൾ കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്യും.

കൊരിന്ത്യർ ആത്മിയ വരങ്ങളെ മൽസര ബുദ്ധിയോടെ ഉപയോഗിച്ചതിന് എതിരായിട്ടാണ് അടുത്ത വാക്യത്തിൽ അപ്പൊസ്തലൻ ക്രിസ്തീയ സദാചാ രങ്ങളെ കുറിച്ച് പറയുന്നത്.

## നിലനിൽക്കുന്ന സദാചാരങ്ങൾ: "വിശ്വാസം, പ്രത്യാശ, സ്നേഹം" (13:13)

**[13]ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു, ഇവയിൽ വലിയതോ സ്നേഹം തന്നെ.**

**വാക്യം 13.** ദൈവഭക്തിയോടെയുള്ള ജീവിതത്തിന് ആവശ്യമായ സാധാരണ ഗുണങ്ങളായ **വിശ്വാസം പ്രത്യാശ, സ്നേഹം** എന്നിവയെ സൂചിപ്പിച്ച് അവസാനം സ്നേഹത്തിന്റെ മാഹാത്മ്യത്തെ അപ്പൊസ്തലൻ ഉയർത്തി കാണിക്കുകയാണ്. പൗലൊസ് പലപ്പോഴും അവയെ ചേർത്ത് ഉപയോഗിച്ചിട്ടുണ്ട് (റോമ. 5:1–5; ഗലാ. 5:5, 6; കൊലൊ. 1:4, 5; 1 തെസ്സ. 1:3; 5:8; തിത്തൊ. 2:2 നോക്കുക). എന്തായാലും, ഇവ മൂന്നിലും, ഏറ്റവും പ്രധാനപ്പെട്ടത് സ്നേഹമാണ് എന്ന് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു. ഈ ഗുണങ്ങളിൽ കൊരിന്ത്യയിലുള്ള ക്രിസ്ത്യാനികൾ വളരുമ്പോൾ, അസാധാരണ വരങ്ങൾ (അന്യഭാഷ, ജ്ഞാനം, പ്രവചനം) എന്നിവ വിലയില്ലാതായി തീരുന്നു.

ആളുകളെ ദൈവരൂപത്തിലേക്ക് ഉയർത്തുന്ന ഗുണമാണ് സ്നേഹം എന്ന് അതിന്റെ അർത്ഥം ആഴത്തിൽ നോക്കിയാൽ ബോധ്യമാകും. ക്രിസ്തുവിൽ പുതുജീവൻ നൽകിയ ദൈവത്തെ പ്രതിഫലിപ്പിക്കുന്ന ഗുണമാണ് സ്നേഹം.

സ്നേഹത്തിന്റെ മാഹാത്മ്യത്തെ പൗലൊസ് മൂന്നായി തരംതിരിച്ചിരിക്കുന്നു. ഒന്ന്, സ്നേഹം ഒഴിച്ചു നിർത്താൻ പറ്റാത്ത ഒന്നായി അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു. സ്നേഹത്തിന്റെ അഭാവത്തിൽ ആത്മിയ വരങ്ങൾ പ്രസക്തമല്ലാതായി തീരുന്നു (13:1–3). രണ്ട്, ക്രിസ്തീയ സ്വഭാവത്തിന്റെ അന്തസത്തയാണ് എന്ന് പൗലൊസ് വാദിച്ചു. ക്രിസ്ത്യാനിക്ക് തോന്നുന്ന ഏതെങ്കിലും ഒരു വികാരമല്ല അത്; അത് അവൻ പ്രവർത്തിക്കുന്ന ഒന്നാണ്. ക്രിസ്ത്യാനികൾ തങ്ങളുടെ വികാരങ്ങളെ ദൈവത്തെയും മനുഷ്യരേയും സേവിക്കേണ്ടതിന് ഉള്ളിലേക്ക് മാറ്റി എടുക്കണം (13:4–7). മൂന്ന്, .സ്നേഹം എന്നേക്കുമുള്ളതാണ്. ക്രിസ്തീയ കാലത്തിന്റെ ആദ്യഭാഗത്തേക്ക് വേണ്ടിയുള്ളതായിരുന്നു അത്ഭുത വരങ്ങൾ. നേരെ മറിച്ച്, സ്നേഹം ദൈവ വാഴ്ച്ചയിൽ നിത്യമായുള്ളതാണ് (13:8–13).

## കൂടുതൽ പഠനത്തിന്: എന്താണ് "പൂർണ്ണത"? (13:10)

13:10 ൽ "പൂർണ്ണത" എന്തെന്ന് പൗലൊസ് വ്യക്തമാക്കിയില്ല. അതുകൊണ്ട് ആ വാക്ക് ആളുകൾ വ്യത്യസ്തമായിട്ടാണ് മനസിലാക്കുന്നത്. വ്യാഖ്യാതാക്കൾ മൂന്നു വിശദീകരണങ്ങളാണ് നൽകിയിരിക്കുന്നത്.

*വീക്ഷണം 1: സ്നേഹത്തിൽ കൂടെയുള്ള ആത്മിയ പക്വത.* സ്നേഹം ഒരിക്കലും ഉതിർന്നു പോകയില്ല എന്ന് പൗലൊസ് പറഞ്ഞിരിക്കയാൽ, "പൂർണ്ണത" എന്നു പറയുന്നത് സ്നേഹം ആണ് എന്ന് ചിലർ പറയുന്നു. അതിൽനിന്നു വ്യത്യസ്തമായ നീങ്ങി പോകും എന്നു പറഞ്ഞത്, ആത്മാവ് നൽകിയ വരങ്ങളാണ്. ഒരു ക്രിസ്ത്യാനി വളരുമ്പോൾ, അയാൾ സ്നേഹിക്കുവാനുള്ള കഴിവിൽ എത്തും എന്നാണ് അവരുടെ വാദം. പിന്നീട് അവരുടെ വാക്കിലും പ്രവൃത്തിയിലും സ്നേഹം ആയിരിക്കും കാണുക. സ്നേഹത്തിൽ ഒരാൾ ആത്മിയ പക്വതയിലെത്തുമ്പോൾ അയാളിലെ ആത്മിയ വരങ്ങൾ മങ്ങി

പോകുമെന്നാണ് അവരുടെ വാദം. ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ വളർന്ന് സ്നേഹത്തിന്റെ പൂർണ്ണതയിലെത്തിയപ്പോൾ, അവർക്ക് ആത്മിയ വരങ്ങൾ ആവശ്യമില്ലാതായി.

വാക്യം 11 പക്വതയെ കുറിച്ച് പറയുന്നു. അത് പറയുന്നത്, ഒരാൾ ശൈശവപ്രായം കടന്ന് പുരുഷനാകുമ്പോൾ, ആരംഭത്തിലെ ക്രിസ്തീയ ഏറ്റു പറച്ചലിൽനിന്നും, വൈകാരികമായ അവസ്ഥയിൽനിന്നു ഉയർന്ന് ആത്മിയ പക്വതയിലെത്തുന്നു. ശൈശവപ്രായത്തിലുള്ളത് ത്യജിച്ചു കളയുന്നത് ആണ് ആത്മിയ പക്വത. സ്നേഹത്താലുള്ള ഒരു ജീവിതത്തിലേക്ക് കടക്കുമ്പോൾ, ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ, ആത്മിയ വരങ്ങളെ അർത്ഥശൂന്യമായി കാണും. ക്രിസ്തുവിന്റെ ഉപദേശം അങ്ങനെ തന്നെ കൈക്കൊള്ളുന്നതാണ് പക്വത.

ക്രിസ്ത്യാനികൾ പക്വതയിലെത്തുമ്പോൾ, ആത്മിയ വരങ്ങൾ പ്രസക്തമല്ലാതായി തീരുന്നത് എന്തുകൊണ്ടാണ് എന്ന് ഈ വീക്ഷണക്കാർക്ക് പറയുവാൻ കഴിയുന്നില്ല എന്നതാണ് അതിന്റെ ബലഹീനത. ഒരാൾ സ്നേഹത്തിൽ വളരുമ്പോൾ, രോഗശാന്തിക്കും, അന്യഭാഷക്കും പ്രാധാന്യമില്ല എന്നാണോ അവർ പറയുന്നത്? ആത്മിയ വരങ്ങളും, സ്നേഹവും യോജിക്കാത്തവിധത്തിൽ പോകുന്നേടത്തോളം, ഒന്നു വളർന്നാൽ മറ്റൊന്നു കുറയുന്നത് എങ്ങനെ എന്ന് അവർക്ക് വിസദീകരിക്കുവാൻ കഴിയുന്നില്ല.

*വീക്ഷണം 2: കാനോൻ പൂർത്തിയാക്കി.* “പൂർണ്ണത” എന്നതിനെ കുറിച്ചുള്ള രണ്ടാമത്തെ വീക്ഷണം, സമൂഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തികളുടേയോ കൊരിന്ത്യ സഭയുടേയോ ആത്മിയ പക്വതയെ കുറിച്ച് അധികമൊന്നും ഈ കാഴ്ച്ചപ്പാട് ശ്രദ്ധിക്കുന്നില്ല. ആളുകൾ കേൾക്കുന്ന സുവിശേഷ സന്ദേശം ഉറപ്പിക്കുന്നതിനായിരുന്നു അത്ഭുത വരങ്ങൾ എന്നാണ് അവരുടെ വാദം. പിതാവായ ദൈവം തന്നെ അയച്ചു എന്നു സാക്ഷ്യപ്പെടുത്തുന്നതിനായിരുന്നു താൻ ചെയ്ത അത്ഭുതപ്രവൃത്തികൾ എന്നു യേശു പറഞ്ഞിരുന്നു (യോഹ. 5:36). ആരംഭ ക്രിസ്ത്യാനികൾ യേശു മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റു എന്ന് പ്രസ്താവിച്ചത് സ്ഥാപിക്കുവാനായി അത്ഭുതങ്ങൾ പ്രവർത്തിച്ചു (റോമ. 15:19; 2 കൊ. 12:12; ഗലാ. 3:5; എബ്രാ. 2:4). എഴുതപ്പെട്ട പുതിയ നിയമം പരിവർത്തകർക്ക് നൽകുവാനില്ലാതിരുന്നതിനാൽ, അവർ സംസാരിച്ച സുവിശേഷ സന്ദേശം ദൈവത്തിൽനിന്നാണെന്ന് ഉറപ്പിക്കുവാൻ ആദ്യ സന്ദേശ വാഹകർ അത്ഭുതങ്ങൾ നടത്തി.

ഒരിക്കൽ പുതിയ നിയമം ദൈവശ്വാസിയമായി സംസാരിക്കുകയും എഴുതി തീർക്കയും ചെയ്തപ്പോൾ “പൂർണ്ണമായത്” വന്നു. സുവിശേഷം പ്രസംഗിച്ചവർ സാക്ഷ്യപ്പെടുത്തിയതും തിരുവെഴുത്തും പരിസോധിച്ചാൽ അവർ ചെയ്ത അത്ഭുതങ്ങളുടെ ഉദ്ദേശം മനസിലാകും. തിരുവെഴുത്ത് പൂർണ്ണമായി ലഭിച്ചു കഴിഞ്ഞപ്പോൾ, “പൂർണ്ണമായത്” എങ്ങനെ “പൂർണ്ണമായി” എന്നു കാണാം.[12] അതിനു പുറമെ, അവരുടെ ജീവിതാനുഭവവും അത് തെളിയിക്കുന്നു. യേശുവും അപ്പൊസ്തലന്മാരും അത്ഭുതങ്ങൾ ചെയ്തതിനെ ആരും സംശയിച്ചില്ല. എന്നാൽ ഈ കാലത്ത് അത്ഭുതങ്ങൾ നടക്കുന്നു എന്നു പറഞ്ഞാൽ പലരും സംശയിക്കും.

മതപരമായ കാര്യങ്ങളിൽ ക്രിസ്ത്യാനികൾക്കുള്ള അധികാരത്തെ ഇത് വിഷമ സന്ധിയിലാക്കുന്നു. ക്രിസ്തീയ ജീവിതത്തിന് സഭക്കുള്ള അധികാരത്തെ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. അതിന് ഉത്തരം 13:10 ൽ കാണുന്നു.

അന്ന് ആത്മാവിനാൽ അത്ഭുത വരങ്ങളാൽ വെളിപ്പാടുകൾ നൽകിയതുപേ ാലെ, ഇന്നും അന്യഭാഷ, ജ്ഞാനം, പ്രവചനം എന്നിവ അത്ഭുതകരമായി നല്കുകയാണെങ്കിൽ ദൈവത്തിന് പുതിയ വെളിപ്പാടുകളും നൽകേണ്ടി വരും. "അംശം" ആയിരുന്നതാണ് "പൂർണ്ണമായത്" എന്നു വിശ്വസിക്കുന്നത് യുക്തി സഹജമാണ്. അത്ഭുതവരങ്ങൾ നിന്നു പോകുന്നതിനു മുമ്പ് പുതിയ നയമ കാനോൻ പൂർണ്ണമായും എഴുതി തീർക്കണമെന്ന് കൊരിന്ത്യയിലുള്ളവർക്ക് അറിയില്ലായിരുന്നു. തൽഫലമായി തിരുവെഴുത്തുകളെ കുറിച്ച് പൗലൊസ് അവരോട് പറഞ്ഞിരുന്നില്ല എന്നു തോന്നുന്നു. അത്ഭുതങ്ങൾ, അന്യഭാഷ, പ്രവചനം എന്നിവയെ കുറിച്ചുള്ള ചോദ്യങ്ങൾ 1 കൊരിന്ത്യർ 13 ൽ അല്ലാതെ മറ്റെങ്ങും കാണുന്നില്ല. ഉദാഹരണത്തിന് പ്രവൃത്തികൾ 8:1–18 വരെയുള്ള വേദഭാഗങ്ങൾ പരിശോധിക്കുക.

*വീക്ഷണം 3: നിത്യജീവൻ.* "പൂർണ്ണത" എന്നതിനെ കുറിച്ചുള്ള മൂന്നാ മത്തെ വീക്ഷണത്തോട് വിശദീകരിക്കുന്നു. അവർ പറയുന്നത് "പൂർണ്ണമാ യത്" എന്നത് വരുവാനുള്ള ലോകമാണ് എന്നത്രെ. അത് വീണ്ടെടുക്കപ്പെ ട്ടവർക്കായി ദൈവം ഒരുക്കിയിരിക്കുന്ന വരുവാനുള്ള ലോകത്തെയാണ് കാണിക്കുന്നത് എന്ന് വാദിക്കുന്നു. "അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ അറിയും ..." (13:12) എന്ന് പൗലൊസ് എഴുതിയത് സ്വർഗം മനസിൽ കണ്ടു കൊണ്ടാണ് എന്നു അവർ പറയുന്നു. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ ഉള്ളിൽ, കർത്താവിന്റെ മടങ്ങി വരവ്, ന്യായവിധി, നിത്യത എന്നിവ നിറഞ്ഞു നിന്നിരുന്നു. അംശമായ അത്ഭുത വരങ്ങൾ അപ്പോൾ മാഞ്ഞു പോകും. എന്നാൽ സ്നേഹമോ, നിത്യമായ അവസ്ഥയിൽ തുടരും. ക്രിസ്ത്യാനികളായ നാം ദൈവത്തെയും സഹ മനുഷ്യരേയും സ്നേഹിച്ച് കർത്താവിന്റെ മടങ്ങി വരവിൽ അവനെ എതിരേൽക്കും.

പൗലൊസിന്റെ വിശദീകരണം മനസിലാക്കുവാൻ സഹായിക്കുന്നതാണ് മൂന്നാമത്തെ വീക്ഷണം. കർത്താവിന്റെ മടങ്ങി വരവ് വരെ അത്ഭുത വരങ്ങൾ തുടരും എന്ന് അവർ പറയുന്നില്ല. കാരണം കർത്താവ് മടങ്ങി വരുമ്പോൾ, ദൈവജനം അവനോടുകൂടെ വസിക്കും, പിന്നെ അത്ഭുത വരങ്ങളുടെ ആവ ശ്യമില്ല. അക്കാരണത്താൽ, "അംശമായത് നീങ്ങി പോകും" അതിൽ നിന്നു വ്യത്യസ്തമായി, സ്നേഹം എന്നേക്കുമുള്ളതാകയാൽ, സ്വർഗീയ പ്രതല ത്തിലും അത് ആവശ്യമാണ്.

*ഉപസംഹാരം.* ആ വീക്ഷണങ്ങളിലെല്ലാം ചോദ്യങ്ങൾ ഉയരുന്നതിന ാൽ, "അംശമായതിന്റെ" നിറവേറലാണ് "പൂർണ്ണമായത്" എന്നു നമുക്ക് സുരക്ഷിതമായി വിശ്വസിക്കാം. അതിനോടൊപ്പം നൽകിയിരിക്കുന്ന മൂന്നു ചിത്രീകരണങ്ങളും ശ്രദ്ധിക്കാം. വെളിപ്പാടിന്റെ അത്ഭുതങ്ങൾ, ശൈശവ അപക്വതകൾ, അപൂർണ്ണമായ നമ്മുടെ ജ്ഞാനം എന്നിവ നിന്നു പോകുമെ ന്നും, എന്നാൽ സ്നേഹം, സ്ഥിരമായതും എന്നേക്കുമുള്ളതുമായ സ്വഭാവ മായി നിലനിൽക്കും. വെളിപ്പാടിന്റെ അത്ഭുതം "നിന്നുപോകും" (ഇപ്പോൾ നിന്നു പോയിരിക്കുന്നു). പുരുഷത്വം വരുമ്പോൾ, ശൈശവപ്രായത്തിലുള്ളത് ത്യജിച്ചു കളയും. നമ്മുടെ അപൂർണ്ണമായ ജ്ഞാനം മങ്ങി പോകും, പ്രത്യേ കിച്ച് നാം സ്വർഗത്തിലെത്തുമ്പോൾ. അവയിൽ നിന്നു വ്യത്യസ്തമായി സ്നേ ഹം എന്നേക്കും നിലനിൽക്കും.

**അത്ഭുതകരവും ഇന്നത്തെ സഭയും?**

കാലം അവസാനിക്കുന്നതിനുമുൻപ് അത്ഭുതവരങ്ങളായ, അന്യഭാഷ, ജ്ഞാനം, രോഗശാന്തി, പ്രവചനം, അത്ഭുതങ്ങൾ എന്നിവ നിന്നു പോകുമെന്നായിരുന്നോ പൗലൊസ് ഉദ്ദേശിച്ചത്? അവ നിന്നു പോയോ? എപ്പോഴാണ് അത് നിന്നു പോകുന്നത്? നൂറ്റാണ്ടുകളായി സഭയിലെ അസംഖ്യം സ്ത്രീപുരു,ഷന്മാർക്ക് അവരുടെ സ്വന്ത താൽപര്യപ്രകാരം അത്ഭുതങ്ങൾ ചെയ്യുവാൻ കഴിഞ്ഞിരുന്നോ? വൈദ്യ ശാസ്ത്രം സൗഖ്യമാക്കുവാൻ പരാജയപ്പെട്ട ഒരു രോഗിയെ ഇന്ന് ക്രിസ്ത്യാനികൾക്ക് സൗഖ്യമാക്കുവാൻ കഴിയുമോ? ഈ ചോദ്യങ്ങളൊന്നും വെറും വിദ്യാഭ്യാസ ചോദ്യങ്ങളല്ല. സഭയുടെ സ്വഭാവത്തെ, സഭയുടെ ആരാധനയെ, തിരുവെഴുത്തുകളുടെ ആധികാരികതയെ എല്ലാം ബാധിക്കുന്നവയാണ്.

ആ ചോദ്യങ്ങളെ ശ്രദ്ധയോടെ പരിഗണിക്കുന്നത് നന്നായിരിക്കും. ദൈവം പ്രാർത്ഥനക്ക് മറുപടി നൽകും എന്നത് ക്രിസ്ത്യാനികൾ സമ്മതിക്കും. സംഭവിക്കുന്നതും സംഭവിക്കാതിരിക്കുന്നതും അവന്റെ പ്രതികരണവും, ഇടപെടലും നിമിത്തമാണ്. പ്രാർത്ഥനയിൽ വിശ്വാസം മാത്രമല്ല, ദൈവത്തിന്റെ മറുപടിയും കാണേണ്ടത് ആവശ്യമാണ്.

ദൈവം പ്രാർത്ഥനക്ക് മറുപടി നൽകുന്നതിനപ്പുറമുള്ളതായിരുന്നു കൊരിന്തിലെ അത്ഭുത വരങ്ങൾ. പട്ടണത്തിലെ ചില ക്രിസ്ത്യാനികൾ, രോഗികളെ കണ്ടുമുട്ടിയിരിക്കാം, മരിക്കത്തക്ക അവസ്ഥയിലും ആയിരുന്നേക്കാം, അവർ അവരെ ഒരു വാക്കുച്ചരിച്ച് സൗഖ്യം വരുത്തിയിരിക്കാം. കൊരിന്തിലും, മറ്റു സ്ഥലങ്ങളിലും പൗലൊസ് അപ്രകാരം ചെയ്തിട്ടുണ്ട്, അതുകൊണ്ട്, "അപ്പൊസ്തലന്റെ ലക്ഷണങ്ങൾ പൂർണ്ണ സഹിഷ്ണുതയിലും, അടയാളങ്ങളാലും, അത്ഭുതങ്ങളാലും, വീര്യപ്രവൃത്തികളാലും നിങ്ങളുടെയിടയിൽ വെളിപ്പെട്ടുവന്നുവല്ലൊ" എന്ന് പൗലൊസിന് പറയുവാൻ കഴിഞ്ഞു (2 കൊ. 12:12).

പൗലൊസ് കൊരിന്തിൽ എത്തുന്നതിന് വർഷങ്ങൾക്ക് മുൻപ് പത്രൊസും യോഹന്നാനും യെരുശലേമിലെ ഒരു മുടന്തനെ സൗഖ്യമാക്കി. പത്രൊസ് അവനെ ഉറ്റു നോക്കി, "നസ്രായനായ യേശുവിന്റെ നാമത്തിൽ—നടക്ക!" എന്നു പറഞ്ഞു (പ്രവൃ. 3:6). "അവൻ നിവർന്ന് നടന്നു" എന്നാണ് രേഖ തുടരുന്നത് (പ്രവൃ. 3:8). സ്ഥിരമായി അംഗവൈകല്യമുള്ള എത്രയോ പേരെ അപ്പൊസ്തലന്മാർക്ക് സൗഖ്യമാക്കുവാൻ കഴിയുമായിരുന്നു. ആ ആളുകളെ സൗഖ്യമാക്കുവാൻ പത്രൊസിനെ പരിശുദ്ധാത്മാവ് നയിച്ചതായി സൂചന ഒന്നുമില്ല. ഇന്ന് സഭയുടെ പ്രവർത്തനമായി പരിശുദ്ധാത്മാവിനാൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിയുമെന്ന് അവകാശപ്പെടുന്നവർ, പ്രാർത്ഥനക്ക് ദൈവം മറുപടി നല്കുന്നതുമായി ബന്ധപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നാൽ ഒന്നാം നൂറ്റാണ്ടിൽ നടന്ന അത്ഭുതങ്ങളും വീര്യ പ്രവൃത്തികളുമായി അവയെ താരതമ്യം ചെയ്യുവാൻ സാധ്യമല്ല.

പുതിയ നിയമ കാലത്തെ അത്ഭുതങ്ങൾ അവയിൽ തന്നെ നിന്നുപോയില്ല എന്നു പറയാം. അവ സത്യത്തെ സാക്ഷ്യപ്പെടുത്തുന്നതും സ്ഥിരീകരിക്കുന്നതുമാണ്. ഗ്രീക്ക്-റോമാ ലോകത്ത് ആദ്യം സുവിശേഷം അറിയിച്ച ശേഷം, പുതിയ നിയമ കാനോൻ എഴുതി പൂർത്തിയാക്കിയ ശേഷം, അത്ഭുതങ്ങൾക്ക് അതേ പങ്കു വഹിക്കുവാനില്ല. പുതിയ നിയമവും, അതിലെ അനുഭവങ്ങളും,

ഉറപ്പിക്കുന്നത്, അത്ഭുത പ്രവൃത്തികൾ സ്ഥരിമായ ജീവിതത്തിൽ തുടരുന്നില്ല എന്നാണ്. വ്യക്തിപരമായ അവകാശങ്ങളേയും അനുഭവങ്ങളെയും അല്ല ഇന്ന് ആളുകൾ യഥാർത്ഥ സത്യം പുതിയ നിയമത്തിൽനിന്നു ഗ്രഹിക്കണം. യേശുവും, പത്രൊസും പൗലൊസും ചെയ്ത അത്ഭുതങ്ങൾ പോലെ ഇന്ന് ഒരത്ഭുതവും നടക്കുന്നില്ല. അസാധാരണമോ വ്യത്യസ്തമോ ആയി നടക്കുന്ന സംഭവങ്ങൾ "അത്ഭുതകരം" എന്നു വിശേഷിപ്പിക്കാവുന്നതല്ല.

---

കുറിപ്പുകൾ

[1]മായിമോണിഡെസ് (ഓർ "രംബാം" ആൻ അക്രോണിം ഫോർ "റബെയിനു മോശെ ബെൻ മായിമോൺ") *മിഷ്നേ തോറാ.* [2]ഡേവിഡ് ഈ. ഔനേ, *പ്രോഫസി ഇൻ ഏർലി ക്രിസ്ത്യാനിറ്റി ആന്റ് ദ ഏൻഷ്യന്റ് മെഡിറ്ററേനിയൻ വേൾഡ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1983), 20–21. [3]കാൾ ആർ. ഹോളിഡെ പറഞ്ഞത്, പൗലൊസ് തന്റെ പ്രബോധനത്തിന് ബലം പകരുവാനും, തന്റെ മാതൃക കാണിക്കുവാനുമാണ് പൗലൊസ് പലപ്പോഴും ശ്രമിച്ചിട്ടുള്ളത്. (കാൾ ആർ. ഹോളിഡെ, "1 കൊരിന്ത്യൻസ് 13: പൗലൊസ് ഒരു അപ്പൊസ്തലിക് പാരഡിം," ഇൻ *ഗ്രീക്ക്, റോമൻസ്, ക്രിസ്ത്യൻസ്, എസ്സെയ്സ് ഇൻ ഹോണർ അബ്രഹാം മദർബെ*, എഡി. ഡേവിഡ് എൽ. ബാച്ച് എവററ്റ് ഫെർഗൂസൻ, ആന്റ് വെയിൻ എ. മീക്ക്സ് [മിന്നെപൊലിസ്: ഫോർട്രെസ് പ്രസ്, 1990], 98.) [4]ഇഗ്നേഷ്യസ്, *ലെറ്റർ ടു ദ എഫെഷ്യൻസ്* 4; *ലെറ്റർ ടു ദ ഫിലെദെൽഫിയൻസ്* 1. [5]വില്യം ഹാരിസ്, "'സൗണിങ് ബ്രാസ്' ആൻഡ് ഹെലെനിസ്റ്റിക് ടെക്നോളജി" *ബിബിളിക്കൽ ആർക്കിയോളജി റെവ്യു* 8 (ജാനുവരി-ഫെബ്രുവരി 1982): 38–41. [6]ജോൺ സ്റ്റോട്, *ദ കണ്ടെംബററി ക്രിസ്ത്യൻ* (ഡൗണേഴ്സ് ഗ്രോവ്, കകക.: ഇന്റർ-വാഴ്സിറ്റി പ്രസ്, 1992), 148. [7]ആ വാക്കുകൾ വ്യത്യസ്ത രൂപത്തിലാണെങ്കിലും, രണ് ക്രിയകളും (καίω, *കയിവോ*, "കത്തിക്കുക"); അർത്ഥത്തിൽ പറയത്തതക്ക വ്യത്യാസമില്ല. [8]ഹെന്റി ഡ്രമണ്, *ദ ഗ്രെയിറ്റെസ്റ്റ് തിങ് ഇൻ ദ വേൾഡ്* (വെസ്റ്റ് വുഡ്, എൻ. ജെ.: ഫ്ലെമിങ് എച്ച്. റെവെൽ കമ്പനി.), 23–24. [9]ഡിയ ഏയ കാർസൺ, *ഷോയിങ് ദ സ്പിരിറ്റ്: ഏ തിയോളജിക്കൽ എക്സ്പൊസിഷൻ ഓഫ് 1 കൊരിന്ത്യൻസ് 12–14* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1987), 61. [10]ജെയിംസ് ഡി. സി. ഡൺ, *ദ തിയോളജി ഓഫ് പോൾ ദ അപൊസ്തൽ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1998), 675.

[11]ἐν αἰνίγματι (എൻ *ഐനിഗ്മാറ്റി*, "ഒരു കടങ്കഥ") പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. [12]യാക്കൊ 1ബ് 1:25 ൽ "പൂർണ്ണത" എന്ന അതേ വാക്ക് (τέλειος, *ലെലെയിയോസ്*) ഉപയോഗിച്ചിരിക്കുന്നു.